# ജനാധികാരത്തിന്റെ സാധ്യതകൾ

**വിഭവങ്ങളുടെ തോത് വളരെ പരിമിതമായിട്ടും അതുപയോഗിക്കുന്നതിൽ വിവേകം കാണിക്കാത്ത ജനങ്ങളുള്ള ഈ നാട്ടിൽ പരിസ്ഥിതി മേഖലയിൽ സ്വീകരിക്കേണ്ട നയങ്ങൾ എന്തെല്ലാമാണെന്ന്**

**എസ്. ഉണ്ണികൃഷ്ണൻ**

# പാരിസ്ഥിതിക കണക്കെടുപ്പ് നടത്തണം

**1.** കേരളത്തിന്റെ പരിസ്ഥിതിയെക്കുറിച്ച് വിശദമായ ഒരു കണക്കെടുപ്പ് നടത്തേണ്ടത് അത്യാവശ്യമാണ്. കാടും മലയും പുഴയും ഉൾപ്പെടുന്ന സർവ്വ ഭൂപ്രകൃതിയെക്കുറിച്ചുമുള്ള ഒരു പാരിസ്ഥിതിക ഓഡിറ്റിംഗ് നടത്താൻ അധികൃതർ തയ്യാറാകണം. ഫിനാൻഷ്യൽ ഓഡിറ്റിംഗ് മാത്രമാണ് ഇപ്പോൾ നമ്മൾ ഗൗരവപൂർവ്വം നടത്തുന്നത്. എന്നാൽ അതിനേക്കാൾ ഏറെ ഗൗരവമർഹിക്കുന്ന ഒരു വിഷയമാണ് പരിസ്ഥിതി ഓഡിറ്റിംഗ്. കേരളത്തിന്റെ പരിസ്ഥിതിയിൽ എന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചത് എന്ന വിലയിരുത്തൽ ജി.ഡി.പിയെ അടിസ്ഥാനമാക്കിയുള്ള സാമൂഹിക വിലയിരുത്തലിനേക്കാൾ പ്രധാനമാണ്. കാരണം കേരളം പോലെയുള്ള ഒരു ചെറിയ സ്ഥലത്ത് മൂന്നര കോടിയിലധികം ജനങ്ങളാണ് തിങ്ങിപ്പാർക്കുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിലിനായി വരുന്ന ലക്ഷക്കണക്കിന് ആളുകളുമുണ്ട്. വളരെ പരിമിതമായ വിഭവങ്ങളാണ് ഇത്രയധികം ജനങ്ങൾ ഉപയോഗിക്കുന്നത്. അതുകൊണ്ട് പാരിസ്ഥിതിക കണക്കെടുപ്പ് അടിയന്തിര വിഷയമായി പരിഗണിക്കപ്പെടണം.

**2.** സമൂഹത്തിന് വിവേകം നഷ്ടപ്പെട്ടതാണ് കേരളം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കുടിവെള്ളം കിട്ടാതായാലും പമ്പിംഗ് നടത്തി പ്രശ്നം പരിഹരിക്കാമെന്നാണ് മലയാളി ചിന്തിക്കുന്നത്. നമ്മുടെ ശാസ്ത്രീയ ബോധം അത്തരത്തിലാണ് പ്രവർത്തിക്കുന്നത്. ഇത്തരം ശാസ്ത്രീയതകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള സ്ഥാപനങ്ങളാണ് നമ്മൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പ്രാദേശികമായ കാര്യങ്ങൾക്ക് പ്രാദേശികമായ പരിഹാ

രങ്ങളാണ് ഉണ്ടാകേണ്ടത്.

**3.** ജീവിതത്തെക്കുറിച്ചുള്ള അവബോധത്തിൽ നിന്നും സമൂഹം അകന്നുപോവുകയാണ്. പ്രാഥമികമായ ഉത്തരവാദിത്തങ്ങളിൽ നിന്നും നമ്മൾ അകന്നുപോകുവുകയാണ്. മദ്യപാനം കൂടുന്നത് അതിന് തെളിവാണ്. ബോധമില്ലാത്ത സമൂഹത്തെ ഉണ്ടാക്കിയെടുക്കേണ്ടത് പലരുടെ ആവശ്യമായതിനാൽ മദ്യപാനം പരിഹരിക്കപ്പെടേണ്ട പ്രശ്നമായി ഇവിടെ ചർച്ചചെയ്യപ്പെടുന്നില്ല. ഡിഅഡിക്ഷൻ ധ്യാനകേന്ദ്രങ്ങളിലാണ് നമ്മൾ അതിന് പരിഹാരം തേടുന്നത്. ഗ്രാമങ്ങളെ തകർക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണണം.

**4.** മമത എല്ലാ ബന്ധങ്ങളിലും നമുക്ക് നഷ്ടമാവുകയാണ്. നാടിനോട് മമത കുറയുന്നതുകൊണ്ടാണ് ഭൂമികച്ചവടം വ്യാപകമാകുന്നത്. സ്വന്തം സ്ഥലത്തിനോടുള്ള ആത്മബന്ധം നഷ്ടമായതുകൊണ്ട് സ്ഥലം വിറ്റ് എവിടേക്കും പോകാൻ മലയാളികൾ ഇന്ന് തയ്യാറാണ്. വിർചൽ ബന്ധങ്ങളാണ് ആത്മബന്ധങ്ങൾക്ക് പകരമുണ്ടാകുന്നത്. ഇന്റർനെറ്റിലെ കമ്മ്യൂണിറ്റികളിലൂടെയുണ്ടാകുന്ന ഈ സോഷ്യൽ നെറ്റ്‌വർക്കിംഗ് ആത്മബന്ധങ്ങൾ നഷ്ടമാകുന്നതുകൊണ്ടുള്ള അടിസ്ഥന പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നില്ല. വെർചൽലോകം നമ്മളെ കൂടുതൽ നിഷ്ക്രിയമാക്കിയിരിക്കുകയാണ്. കൂട്ടായ അധ്വാനങ്ങളിലൂടെ മനുഷ്യൻ നേടിയെടുത്ത ബന്ധങ്ങളുടെ ശക്തി സോഷ്യൽ നെറ്റ്‌വർക്കിംഗിലൂടെ സാധ്യമാകില്ല. നമ്മുടെ നാടിന്റെ സമ്പന്നത തിരിച്ചറിയുന്ന കൂട്ടായ്മകൾ സൃഷ്ടിക്കുകയാണ് ഇതിന് പരിഹാരം. അതിനുള്ള ശ്രമങ്ങൾ ആരംഭിക്കണം.

**5.** ഈ പ്രശ്നങ്ങൾക്കെല്ലാമുള്ള ക്രിയാത്മകമായ പരിഹാരങ്ങൾ കുട്ടികളിൽ നിന്നാണ് തുടങ്ങേണ്ടത്. പുതിയ സിലബസിൽ അടിസ്ഥാന വിഷയങ്ങൾ പലതും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ലളിതമായ രീതിയിലല്ല അവ കുട്ടികളിലേക്കെത്തുന്നത്. സ്കൂൾ ബാഗുകളിൽ നിന്നും പുസ്തകങ്ങൾ എടുത്ത് മാറ്റിയ ശേഷം ശുദ്ധമായ ഭക്ഷണവും വെള്ളവും കൊടുത്ത് സ്വന്തം നാടിനെക്കുറിച്ച് പഠിക്കാൻ കുട്ടികളെ വിടുകയാണ് വേണ്ടത്. കുട്ടികൾ തന്നെ തയ്യാറാക്കുന്ന എക്സർസൈസുകളിലൂടെ വേണം അവർ ഇത്തരം വിഷയങ്ങൾ പഠിക്കേണ്ടത്.



**ഹാപ്പിനസ് എന്താണെന്ന് തിരിച്ചറിയാത്തവരാണ് മലയാളികൾ. ആർട്ട് ഓഫ് ലിവിംഗ് പോലെയുള്ള കാര്യങ്ങളിലാണ് നമ്മൾ ഹാപ്പിനെസ് തിരയുന്നത്. ചിലർക്ക് ഫാസിസമാണ് ഹാപ്പിനെസ്. മനുഷ്യൻ ജീവിക്കുന്ന പരിസ്ഥിതിയെക്കുറിച്ചുള്ള തിരിച്ചറിവിൽ നിന്നാണ് ശരിക്കും ഹാപ്പിനെസ് ഉണ്ടാകേണ്ടത്. അങ്ങനെയുണ്ടാകുന്ന ഹാപ്പിനെസിൽ നിന്നാണ് ഗ്രോസ് നാഷണൽ ഹാപ്പിനെസിലേക്ക് നടന്നുകയറേണ്ടത്.**

**6.** ഗ്രാമസഭകൾ വേണ്ടവിധം സജീവമാകുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം. മുൻപ് സൂചിപ്പിച്ചതുപോലെയുള്ള പാരിസ്ഥിതിക കണക്കെടുപ്പ് സാമൂഹിക പങ്കാളിത്തത്തോടെ നടക്കണമെങ്കിൽ ഗ്രാമസഭകൾ ശക്തിപ്പെടണം. ഗ്രാമസഭകൾ ശക്തിപ്പെടുത്തുക എന്നത് തന്നെ വലിയ ശ്രമമാണ്.

**7.** ഭൂട്ടാനിലെതുപോലെ രാജ്യത്തിന്റെ വളർച്ചയുടെ മാനദണ്ഡമായി ഗ്രോസ് നാഷണൽ ഹാപ്പിനസ് പരിഗണിക്കപ്പെടുന്ന രീതി ഇന്ത്യയിലും ഉണ്ടാകണം. പ്രയാസമേറിയ ഒരു ശ്രമമാണത്. നിരവധി കടമ്പകൾ കടന്നു വേണം അവിടേക്കെത്താൻ. ഭൂട്ടാനിലേത് ഒരു ട്രൈബൽ സൊസൈറ്റിയായതുകൊണ്ടാണ് അത് ഏറെക്കുറെ സാധിച്ചത്. വളരെ ലോലമായ ഒരു പരിസ്ഥിതിയിലാണ് അവർ ജീവിക്കുന്നത്. ആഗോളതാപനത്തിന്റെ ഫലങ്ങൾ നേരിട്ട് അനുഭവിച്ച് തുടങ്ങിയതിനാൽ അവർ പരിസ്ഥിതി പ്രശ്നങ്ങൾ ഏറെക്കുറെ തിരിച്ചറിയുന്നുമുണ്ട്. ഗ്രോസ് നാഷണൽ ഹാപ്പിനസ് മാനദണ്ഡമായി മാറാൻ ഭൂട്ടാനിൽ അതുകൊണ്ട് തന്നെ പ്രയാസമില്ല. ഹാപ്പിനസ് എന്താണെന്ന് തന്നെ തിരിച്ചറിയാത്തവരാണ് മലയാളികൾ. ആർട്ട് ഓഫ് ലിവിംഗ് പോലെയുള്ള കാര്യങ്ങളിലാണ് നമ്മൾ ഹാപ്പിനെസ് തിരയുന്നത്. ചിലർക്ക് ഫാസിസമാണ് ഹാപ്പിനെസ്. മനുഷ്യൻ ജീവിക്കുന്ന പരിസ്ഥിതിയെക്കുറിച്ചുള്ള തിരിച്ചറിവിൽ നിന്നാണ് ശരിക്കും ഹാപ്പിനെസ് ഉണ്ടാകേണ്ടത്. അങ്ങനെയുണ്ടാകുന്ന ഹാപ്പിനെസിൽ നിന്നാണ് ഗ്രോസ് നാഷണൽ ഹാപ്പിനെസിലേക്ക് നടന്നുകയറേണ്ടത്.

books
magazines
periodicals

BYWORD
BOOKS

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577